**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5276** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷവും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കാർഷിക വികസന കർഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷവും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് സുരക്ഷിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുക എന്നതുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) | ഓണക്കാലത്ത് വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പച്ചക്കറി വിപണിയിലെ വിലവർദ്ധന നിയന്ത്രിക്കുന്നതിനും പ്രസ്തുത പദ്ധതി പ്രയോജനകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>ഓണക്കാലത്ത് വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പ് വരുത്തി പച്ചക്കറി വിപണിയിലെ വിലവർദ്ധന നിയന്ത്രിക്കുന്നതിന് ഓണക്കാലം ലക്ഷ്യം വെച്ചുള്ള പച്ചക്കറി കൃഷി ഒരു പരിധി വരെ പ്രയോജനകരമാണ്. കീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനും ഓണക്കാലത്ത് വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതി ഈ വർഷം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (സി) | കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :<br><br><u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം</u><br><br>സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന 1 ലക്ഷം |

വിത്തു പായ്ക്കറ്റുകളും, 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും ഈ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തു വരുന്നു. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള 3 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്യുന്നു.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തി വരുന്നുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

നഗര പ്രദേശങ്ങളിൽ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട് (ഒരു യൂണിറ്റിന്റെ വില 5000 രൂപ). കൂടാതെ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി സുരക്ഷിത പച്ചക്കറി വീട്ടിൽ നിന്നു തന്നെ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

<u>പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം</u>

പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വീട്ടുവളപ്പുകളിൽ 1 ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡിയിൽ കർഷകന് നൽകുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ

| | | | |
|---|---|---|---|
| | | | വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവല്ക്കരണ പരിപാടികളും, കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനും മിഷന്റെ ഭാഗമായി ലക്ഷ്യമിടുന്നു. |
| (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ പോഷത്തോട്ടം നിർമ്മിക്കുന്നതിനായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ -മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സ്ഥലപരിമിതിയുള്ള വിദ്യാലയങ്ങളിൽ മട്ടുപ്പാവിലുള്ള കൃഷി, പാട്ട കൃഷി എന്നിവയും നടപ്പിലാക്കുന്നു. കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും. സുരക്ഷിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും, ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു. |
| (ഇ) | സ്കൂളുകളിൽ പച്ചക്കറി തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ? | (ഇ) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ പോഷത്തോട്ടം നിർമ്മിക്കുന്നതിനായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ -മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ |

| | | | |
|---|---|---|---|
| | | | കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സ്ഥലപരിമിതിയുള്ള വിദ്യാലയങ്ങളിൽ മട്ടുപ്പാവിലുള്ള കൃഷി, പാട്ട കൃഷി എന്നിവയും നടപ്പിലാക്കുന്നു. കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും. സുരക്ഷിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും, ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ